പദ്ധതിയിൽ അംഗമാകുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തനമൂലധന തുകയുടെ 1000 രൂപയ്ക്ക് 1 രൂപ എന്ന നിരക്കിൽ പരമാവധി 1 ലക്ഷം രൂപ പ്രാഥമികവിഹിതമായും, പ്രാഥമിക വിഹിത തുകയുടെ 5 ശതമാനം തുടർന്നുള്ള ഓരോ വർഷങ്ങളിലും വാർഷിക പുതുക്കൽ വിഹിതമായും അടയ്ക്കേണ്ടതാണ്.

(സി) ഈ തുക അറ്റനഷ്ടത്തിലും ആസ്തിശോഷണത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളുടെ പുനരുദ്ധാരണപദ്ധതിക്കും മറ്റുള്ള അംഗസംഘങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കുമായിട്ടാണ് വിനിയോഗിക്കുന്നത്. പുനരുദ്ധാരണ പദ്ധതിയിൻകീഴിൽ മൃദുവായ്പയായും സബ്സിഡിയായും ധനസഹായം അനുവദിച്ച് ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഓരോ അംഗസംഘങ്ങളുടെയും അറ്റനഷ്ടം പരിഹരിച്ച് സുശക്തമായ നിലയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ

79 [1404] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിൽ ഇനി നികത്താനുള്ള ക്ലാർക്ക്-കം-കാഷ്യർ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7 ഒഴിവുകൾ ഉണ്ട്.

(ബി) ഇല്ല.

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരുന്നതിനാൽ 68 ക്ലാർക്ക്/കാഷ്യർ തസ്തികകൾ അധികരിക്കപ്പെടുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാലും നിലവിലുള്ള മാനേജർ തസ്തികകളിലെ 25% ഒഴിവുകളിലേക്ക് പി. എസ്. സി.വഴി നേരിട്ട് നിയമനം നടത്തുന്ന മുറയ്ക്ക് തരംതാഴ്ത്തലുകൾ വരുമെന്നതിനാലും നിലവിലുള്ള ക്ലാർക്ക്/കാഷ്യർ

LIBRARY ARCHIVES Kerala Legislative Assembly

തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. (ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്.)

സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിനുവേണ്ടി വാങ്ങിയ സ്ഥലം

80 [1405] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ നിലവിലുള്ള പ്രസിഡന്റ് അധികാരത്തിൽ വന്നതിനുശേഷം ഇന്നേവരെ ബാങ്കിനു സ്ഥലവും കെട്ടിടങ്ങളും വാങ്ങുന്നതിനും പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റുമായി ചെലവായ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ബാങ്കിനുവേണ്ടി പുതുതായി സ്ഥലം വാങ്ങുകയോ പുതുതായി കെട്ടിടം നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജില്ലതിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്:

1. ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ ബാങ്ക് വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ചെലവായ തുക 76.06 ലക്ഷം രൂപ.

2. കോട്ടയം ജില്ലയിൽ നാഗമ്പടത്ത് സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് ചെലവായ തുക 72.50 ലക്ഷം രൂപ.

3. തൃശ്ശൂർ ടൗണിൽ സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് ചെലവായ തുക 36.78 ലക്ഷം രൂപ.

(ബി) മുകളിൽ പറഞ്ഞ കെട്ടിടനിർമ്മാണത്തിനും കെട്ടിടം ഉൾപ്പെടെയുള്ള സ്ഥലം വാങ്ങുന്നതിനുമുള്ള അനുമതി സഹകരണസംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

മണീഡ് സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക അഴിമതിയും ക്രമക്കേടും

81 [1406] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly